"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മലപ്പുറം -കോട്ടക്കൽ നഗരസഭ- കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ തുക തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1225/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/06/2020

---

പരാമർശം:- 1 സർക്കാരിന്റെ 02/03/2019 ലെ സ.ഉ(സാധാ)നം.500/19/തസ്വഭവ നമ്പർ ഉത്തരവ് .

2 കോട്ടയ്ക്കൽ നഗരസഭ സെക്രട്ടറിയുടെ 07/11/2019 ലെ എച്ച്(പിഡബ്ല്യൂ2)3987/19 നമ്പർ കത്ത്

3 നഗരകാര്യ ഡയറക്ടറുടെ 23/03/2020ലെ നം.ഡിസി3-25500/2019 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ നഗരസഭ പരിധിയിൽ കുടിവെള്ള വിതരണത്തിനായി പരാമർശം 1 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിച്ച് ശ്രീ.അബ്ദുൾ മജീദിന് കുടിവെള്ള വിതരണത്തിന് അനുമതി നൽകിയിരുന്നു. എന്നാൽ കുടിവെള്ളക്ഷാമം രൂക്ഷമായ സാഹചര്യത്തിൽ അധികമായി കുടിവെള്ള വിതരണം നടത്തേണ്ടി വന്നിട്ടുണ്ടെന്നും അപ്രകാരം നഗരസഭ പരിധിയിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ ടിയാന് 1898030/-രൂപ ചെലവായിട്ടുണ്ടെന്നും ആയതിൽ സർക്കാർ ഉത്തരവ് പ്രകാരം 1650000/- രൂപ നൽകിയിട്ടുണ്ടെന്നും ബാക്കി തുകയായ 248030/-രൂപ അനുവദിക്കണമെന്ന് കോട്ടയ്ക്കൽ നഗരസഭ സെക്രട്ടറി പരാമർശം 2 പ്രകാരം ആഭ്യർത്ഥിക്കുകയും ആയത് പരാമർശം 3 പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടക്കൽ നഗരസഭ പരിധിയിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ അധികമായി ചെലവായ 248030/-രൂപ (രണ്ടു ലക്ഷത്തി നാൽപ്പത്തി എണ്ണായിരത്തി മുപ്പതു രൂപ മാത്രം) നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ

കോട്ടയ്ക്കൽ നഗരസഭ സെക്രട്ടറി

ഡയറക്ടർ കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്

അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ& എ)കേരള തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by S BINDU
Date: 2020.06.23 12:46:22 IST
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്